കഴിയുമ്പോഴും ഇത്ര പലിശ കൊടുക്കേണ്ടിവന്നു എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. ഇതൊക്കെയാണെങ്കിലും വൺ ടൈം സെറ്റിൽമെന്റിലൂടെ ഹൗസിംഗ് ബോർഡ് പീനൽ ഇൻട്രസ്റ്റ് കുറച്ച് കൊടുക്കുന്നു. ഇ. ഡബ്ലിയു. എസ്.-ന് വൺ ടൈം സെറ്റിൽമെന്റിലൂടെ പീനൽ ഇൻട്രസ്റ്റും ഡീഫാൾട്ട് ഇൻട്രസ്റ്റും പരിപൂർണ്ണമായി കുറച്ച് കൊടുക്കുന്നു. എം. ഐ. ജി.-ക്കും എച്ച്. ഐ. ജി.-ക്കും ആണെങ്കിൽ ഡീഫാൾട്ട് ഇൻട്രസ്റ്റ് 70 ശതമാനം കുറച്ചുകൊടുക്കുന്നു. ഇതിലൂടെ 15,000-ത്തോളം ആളുകൾക്ക് പ്രയോജനം കിട്ടിയിട്ടുണ്ട്. പരമാവധി പലിശ പതിനഞ്ചര ശതമാനമാണ്. അതിന് വിപരീതമായിട്ട് പറയുന്നത് ശരിയല്ല. മുടക്കപ്പലിശ ഒ. ടി. എസ്.-ൽ ഒഴിവാക്കിക്കൊടുക്കുന്നുണ്ട്, അതിന്റെ കാലാവധിയും ദീർഘിപ്പിച്ചിട്ടുണ്ട്.

(2) തിരുവനന്തപുരം നഗരത്തിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൂടി റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം താലൂക്കിൽ എട്ട് വർഷങ്ങൾക്കുമുമ്പ് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലായിരുന്നു കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിരുന്നത്. താൽക്കാലിക നിയമനങ്ങളിൽ തിരുവനന്തപുരം നഗരത്തിലുള്ള തൊഴിൽരഹിതർക്ക് തുല്യമായി അവർക്കും അവസരം കിട്ടിയിരുന്നു. തൊഴിൽരഹിതരുടെ സൗകര്യാർത്ഥം തിരുവനന്തപുരത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സിറ്റി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന് രണ്ടായി വിഭജിച്ചു. റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടത്താണ്. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ ഇപ്പോൾ എട്ട് പഞ്ചായത്തുകളാണുള്ളത്. അവിടെ താൽക്കാലിക നിയമനങ്ങൾ എട്ട് പഞ്ചായത്ത് അതിർത്തിയിൽ വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണ് കിട്ടുന്നത്. വളരെ തുച്ഛമായ അവസരമാണ് അവിടെയുള്ള ചെറുപ്പക്കാർക്ക് കിട്ടുന്നത്. എട്ട് വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം സിറ്റിയിലുള്ള ആഫീസുകളിലെ താൽക്കാലിക നിയമനം ഉൾപ്പെടെ കിട്ടിക്കൊണ്ടിരുന്ന അവസരം കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ഇപ്പോൾ നഷ്ടപ്പെടുകയാണ്.

ആ പഞ്ചായത്തുകളിലുള്ള നിയമനങ്ങൾ മാത്രമേ ആ നിയോജകമണ്ഡലത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക്, ഇവിടെ രജിസ്റ്റർ ചെയ്തവർക്ക് കിട്ടുന്നുള്ളൂ. അതുകൊണ്ട് തിരുവനന്തപുരം താലൂക്കിൽ ഉണ്ടാകുന്ന നിയമനങ്ങളിൽ തിരുവനന്തപുരം നഗരത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് കിട്ടുന്നതുപോലെ തന്നെ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും തുല്യ പ്രാതിനിധ്യം കിട്ടണം. ഒരേ സ്ഥലത്ത് രണ്ട് രീതിയിലുള്ള നടപടി ശരിയല്ല. തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ചില ഉദ്യോഗസ്ഥരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. സർക്കാർ ഇതറിഞ്ഞിട്ടില്ല. പക്ഷെ സർക്കാരിന് കൊടുക്കുന്ന വിവരങ്ങൾ ഇത് ശരിയായ രീതിയിൽ നടക്കുന്നു എന്നാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഒരുപാട് പ്രതിഷേധങ്ങളും പ്രതികരണങ്ങളും എന്റെ നിയോജക മണ്ഡലത്തിലെ പാവപ്പെട്ട തൊഴിൽരഹിതരായ ചെറുപ്പക്കാരിൽനിന്ന് ഉണ്ടാകുന്നുണ്ട്. ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരം കാണത്തക്ക രീതിയിൽ, വേക്കൻസികൾ ഉണ്ടാകുമ്പോൾ തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും തൊഴിൽരഹിതർക്ക് തുല്യ അവസരങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട വാഹീദ് ചൂണ്ടിക്കാണിച്ചതുപോലെ കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരുവനന്തപുരം ജില്ലയിലെ മറ്റ് റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കൂട്ടത്തിൽ പുതുതായി ചേർന്ന ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാണ്. ഇതിന് നമ്മുടെ നിലവിലുള്ള നിയമമനുസരിച്ച് അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന്റെ അനുപാതമനുസരിച്ചാണ് ഉദ്യോഗത്തിലേക്ക് ആളുകളെ അയയ്ക്കുന്നതിനുള്ള നിയമന ലിസ്റ്റിന്റെ അനുപാതം തീരുമാനിക്കുന്നത്. അതനുസരിച്ച് നോക്കുമ്പോൾ തിരുവനന്തപുരം ജില്ലയിലുള്ള ഏകദേശം ഏഴ്, എട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഏറ്റവും കുറവ് ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അവിടെ 52,000 ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 1,25,000 ഉദ്യോഗാർത്ഥികളാണുള്ളത്. അപ്പോൾ സ്വാഭാവികമായും ആ അനുപാതം അനുസരിച്ച് ഇതിന്റെ നിയമന ലിസ്റ്റ് വരുമ്പോൾ കുറച്ച് കുറയും. 2002-ലെ ഒരു പ്രത്യേക ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം പട്ടണത്തിൽ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടാകുമ്പോൾ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുകൂടി ഉദ്യോഗാർത്ഥികളെ തുല്യമായി എടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ഇപ്പോൾ ഒരു പ്രത്യേക പരിഗണന നൽകിക്കൊണ്ട്, തിരുവനന്തപുരത്തിന് ഏറ്റവും അടുത്തു കിടക്കുന്ന റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നുള്ള നിലയിൽ, മെഡിക്കൽ കോളേജിന്റെ പരിസര പ്രദേശങ്ങളിലെ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകൾക്ക് കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ അതും നൽകുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഉണ്ടാകുന്ന അല്ലെങ്കിൽ തിരുവനന്തപുരം പട്ടണത്തിൽ ഒട്ടാകെ ഉണ്ടാകുന്ന പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ ഒഴിവുകളിലേക്കു കൂടി അവരെ പരിഗണിക്കണമെന്ന അങ്ങയുടെ നിർദ്ദേശം തീർച്ചയായും പരിഗണിക്കുന്നതാണ്. അതിനെ സംബന്ധിച്ച് കണക്കുകൾ പരിശോധിച്ച് ആ ഒരു ഉത്തരവു കൂടി നൽകി പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെയും, അതോടൊപ്പം തന്നെ താൽക്കാലിക ഒഴിവുകളിലും കൂടി അവരെ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾത്തന്നെ കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് ഒരു പ്രത്യേക പരിഗണന നൽകുന്നുണ്ട്. പിന്നെ അങ്ങയുടെ ഇപ്പോഴത്തെ ശ്രദ്ധ ക്ഷണിക്കലിന്റെ വെളിച്ചത്തിൽ ഇനിയും കൂടുതൽ പരിഗണന നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ വാഹീദ്: ഏറ്റവും അവസാനം ഉണ്ടായ സംഭവം, തിരുവനന്തപുരത്ത് ഡി. എം. ഒ. ഓഫീസിലുള്ള 300 ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുവേണ്ടി ഇൻറർവ്യൂവിന് ക്ഷണിച്ചിരുന്നു. അത് തിരുവനന്തപുരം സിറ്റിയിൽ മാത്രമായി ഒതുങ്ങിപ്പോയി. അതിൽ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് ഒരാളെപ്പോലും വിളിച്ചില്ല. ശ്രീചിത്രാ മെഡിക്കൽ സെൻറിൽ 40 താൽക്കാലിക ഒഴിവുകൾ വന്നു. അതിൽ ഒരാളിനെപ്പോലും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചിൽ നിന്ന് എടുത്തിട്ടില്ല. ഇത് മന്ത്രി പരിശോധിക്കുകയാണെങ്കിൽ ഇങ്ങനെ ഒരു വിവേചനം തിരുവനന്തപുരം നഗരത്തിൽ നടക്കുന്നു എന്ന് അങ്ങേക്ക് ബോദ്ധ്യമാകും. അങ്ങനെയെങ്കിൽ അത് പരിഹരിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കുകയും, മേലിൽ അതാവർത്തിക്കാത്ത രീതിയിൽ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ കൂടി തിരുവനന്തപുരം നഗരത്തിലെ വേക്കൻസികളിൽ തുല്യമായി പരിഗണിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പ് നൽകാമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ അത് നേരത്തേ തന്നെ പറഞ്ഞു. ഇപ്പോഴത്തെ നിയമമനുസരിച്ച് ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ അതാതു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പരിധിയിൽ നിന്ന് മാത്രം നടത്തണമെന്നാണ്. പക്ഷെ നമ്മൾ അതിന് ഒരു ഭേദഗതി വരുത്തിയാണ് സ്ഥിരം ജീവനക്കാരുടെ കാര്യത്തിൽ കഴക്കൂട്ടം എംപ്ലോയ് മെൻറ് എക്സ്ചേഞ്ചിനെ കൂടി ഉൾപ്പെടുത്തിയത്. എന്തായാലും തിരുവനന്തപുരം പട്ടണത്തിൽ മൊത്തത്തിലുണ്ടാകുന്ന ഒഴിവുകൾ പരിഗണി ക്കുമ്പോൾ മെഡിക്കൽ കോളേജ് അടക്കമുള്ള ഏരിയായെക്കൂടി ബാധക മാക്കിയിട്ടുണ്ട്. ഡി. എം. ഒ. ഓഫീസ് സ്ഥിതിചെയ്യുന്നത് ആ പരിധി യിലല്ലാത്തതുകൊണ്ടാണ് മെമ്പർ പറഞ്ഞ പ്രശ്നം വന്നത്. തീർച്ചയായും തിരുവനന്തപുരം പട്ടണത്തിൽ മൊത്തത്തിലുണ്ടാകുന്ന ഒഴിവുകൾക്ക് കഴക്കൂട്ടം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെക്കൂടി തുല്യമായി പരിഗണിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കും.

IV. സബ്മിഷൻ

(1) അനിൽകുമാർ എന്ന തടവുകാരൻറെ മരണം

ശ്രീ. കെ. മോഹൻകുമാർ: സർ, എൻറെ നിയോജകമണ്ഡലത്തിൽ താമസക്കാരനാണെങ്കിലും നേരം മണ്ഡലത്തിൽ കഴിഞ്ഞ ഏതാനും വർഷ ക്കാലമായി താമസിച്ചു വന്നിരുന്ന അനിൽകുമാർ വിചാരണ തടവുകാര നായിരിക്കെ ജൂലൈ 9-ന് പൂജപ്പുര സെൻട്രൽ ജയിലിൽ വച്ച് മരണ പ്പെടുകയുണ്ടായി. എന്നാൽ അനിൽകുമാറിൻറെ മൃതശരീരം മറെറാരു തടവുകാരനേറതാണെന്ന് തെറ്റിദ്ധരിച്ച് ആലപ്പുഴ ജില്ലയിലെ കരുവാറ്റയിൽ സംസ്കരിക്കുകയുണ്ടായി. ഇതുമൂലം അനിൽകുമാറിൻറെ മൃതശരീരം ആചാരപ്രകാരം സംസ്കരിക്കാനുള്ള അവകാശം മക്കൾക്കും ബന്ധുമിത്രാ ദികൾക്കും നിഷേധിക്കപ്പെടുകയുണ്ടായി. ഇതേ വിഷയം സംബന്ധിച്ച് ഇന്നലെ ശ്രീ. ടി. കെ. വേലുകുമാർ വളരെ വിശദമായി സംസാരിച്ച കാര്യങ്ങൾ ആവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഒരു പരിഷ്കൃത സമൂഹത്തിനും പ്രതിബദ്ധതയുള്ള ഒരു ജനകീയ സർക്കാരിനും അപമാനം വരുത്തിവച്ച ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വ മില്ലായ്മയും ഉദാസീനതയും കണക്കിലെടുത്ത് അവരെ മനുഷ്യകാപരമായി

LIBRARY ARCHIVES Kerala Legislative Assembly